ശുഭ മുഹൂർത്തങ്ങൾ സമംഗളം കൊണ്ടാടുമ്പോൾ വിവിധ ഡിസൈനുകളിൽ മൈലാഞ്ചി കൊണ്ട് കൈ കാലുകളിൽ മനോഹര ചിത്രങ്ങൾ ആലേഖനം ചെയുന്നത് ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. അതൊരു ആചാരം എന്നതിലുപരിയൊരു മികച്ച കല കൂടിയാണ്. കല്യാണപ്പെണ്ണിന്റെ കൈകാൽത്തലങ്ങളിൽ മൊഞ്ചുള്ള മൈലാഞ്ചി ഡിസൈനുകൾ ചെയ്യുന്നതിൽ മാത്രമല്ല ; മണ്ഡല/ഡോട്ട് മണ്ഡല ആർട്ട് എന്നീ ചിത്ര സങ്കേതങ്ങളിലൂടെ വിവിധ ജ്യാമിതീയ രൂപങ്ങൾ തീർക്കുന്നതിലും, ബ്രൈഡൽ ബ്ലൗസ് ഡിസൈനിങ്ങിലും, എംബ്രോയിഡറി വർക്കിലും മിടുക്കിയായ ഒരു പ്രതിഭയാകട്ടെ ഈ ആഴ്ചയിലെ ടാലന്റഡ് ബാങ്കർ.

ആര്യ ജഗന്നാഥ്
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
പുലമൺ ശാഖ , കൊട്ടാരക്കര

കൊല്ലം ചീഫ് ടൌൺ പ്ലാനർ ഓഫീസിൽ നിന്നും സൂപ്രണ്ട് ആയി വിരമിച്ച തിരുവനന്തപുരം പേരൂർക്കടയിൽ യശ്ശശരീരനായ S ജഗന്നാഥ രാജിന്റെയും , ഷീജ K L ന്റെയും രണ്ടു പെൺമക്കളിൽ മൂത്തയാൾ . അമ്മ ARTECH REALTORS ൽ നിന്നും സീനിയർ draughtsman ആയി VRS എടുത്തു പിരിഞ്ഞു. ഇളയ സഹോദരി ആർഷ ജഗന്നാഥ് കുളത്തൂർ ഗവൺമെൻറ് ഹയ്യർ സെക്കണ്ടറി സ്കൂളിൽ കൗൺസിലർ ആയി ജോലി നോക്കുന്നു.

സ്കൂൾ തലം മുതൽ ബിരുദ തലം വരയുള്ള പഠന നാളുകൾ സ്വദേശമായ തിരുവനന്തപുരത്തു ആയിരുന്നു
പത്താം തരം വരെയുള്ള പഠനം സർവോദയ വിദ്യാലയത്തിലും (2006 ) പന്ത്രണ്ടാം തരാം ആര്യ സെൻട്രൽ സ്കൂളിലും ആയിരുന്നു (2008 ). പൂജപ്പുര LBS Institute of Technology for Women ൽ നിന്നും കമ്പ്യൂട്ടർ സയൻസിൽ ബി ടെക് ബിരുദം 2012 ൽ വിജയകരമായി പൂർത്തിയാക്കി.

ബിരുദ പഠന കാലത്തു നടന്ന ക്യാമ്പസ് പ്ലേസ്മെന്റ് വഴി പഠന ശേഷം വൈകാതെ തന്നെ ജോലി ലഭിക്കുവാൻ സാധിച്ചു . പഠനാനന്തരം ആദ്യ ജോലിയിൽ 2012 ൽ കോയമ്പത്തൂർ ഉള്ള Robert BOSCH എന്ന ബഹു രാഷ്ട്ര സ്ഥാപനത്തിൽ Integration Team ൽ പ്രവേശിക്കുകയും ചെയ്യു. അതിന് ശേഷം Accenture എന്ന കമ്പനിയിൽ. മൂന്ന് വർഷത്തോളം അവിടെ തുടർന്നു. സ്ഥിരതയുള്ള ഒരു ജോലിയും , മികച്ച വരുമാനവും എന്നതിലുപരി സ്വന്തം നാട്ടിൽ ജോലിചെയ്യണമെന്ന ആഗ്രഹം കൂടി കണക്കിലെടുത്തു കൊണ്ടായിരുന്നു ബാങ്ക് ജോലി തിരഞ്ഞെടുത്തത്. അങ്ങനെ ആഴ്ചയവസാനം ജോലി സ്ഥലമായ കോയമ്പത്തൂർ നിന്നും തിരുവനന്തപുരം വരെ വന്നു ബാങ്ക് കോച്ചിങ് ക്ലാസ്സിൽ പങ്കെടുത്തു തുടങ്ങി. ആ പരിശ്രമം 2015 ഏപ്രിൽ 20 ന് കേരളത്തിന്റെ സ്വന്തം ബാങ്കായ SBT യിൽ നിന്നും പ്രൊബേഷണറി ഓഫീസറായി തിരഞ്ഞെടുത്തു കൊണ്ടുള്ള നിയമന ഉത്തരവ് കൈപ്പറ്റുന്നതിൽ

വിജയകരമായി എത്തിച്ചു . 2015 ജൂണിൽ തിരുവനന്തപുരം ശാസ്തമംഗലം ശാഖയിൽ ബാങ്കിങ് കരിയറിന് തുടക്കമിട്ടു , പിന്നീട് അമ്പലത്തറ,തൃക്കൊടിത്താനം,പുന്നല, ശാഖകളിലും , RBO , RASMEC കൊട്ടാരക്കര തുടങ്ങിയ ഓഫീസുകളിലും ജോലി ചെയ്തു കഴിഞ്ഞു. ഇപ്പോൾ കൊട്ടാരക്കരയിലെ പുലമൺ ശാഖയിൽ ഫീൽഡ് ഓഫീസർ ആയി ജോലി നോക്കുന്നു.

ചെറു പ്രായത്തിൽ തന്നെ സ്കൂളിലെ ചിത്രരചനയ്ക്കും, ഛായാ ചിത്ര രചനകൾക്കും പങ്കെടുത്തു കൊണ്ട് ആയിരുന്നു കലയുടെ ലോകത്തേക്ക് കാൽവയ്പു നടത്തിയത്. ശുഭ മംഗളങ്ങൾക്കു മെഹന്ദി ചാർത്തുന്ന കലയിലേക്ക് തിരിഞ്ഞത് അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന സമയത്തു ആണ്. വെറുമൊരു രസത്തിനു ഒഴിവു സമയങ്ങളിൽ സഹോദരിയോടൊപ്പം ചെയ്തു തുടങ്ങിയ മെഹന്ദി ഡിസൈനിങ് പിന്നീട് ഉറച്ച ഒരു ഹോബിയായി മാറുകയും ചെയ്തു. മാത്രമല്ല ,നല്ലൊരു വരുമാനോപാധി ആയി മാറുകയും ചെയ്തു. ആര്യ സെൻട്രൽ സ്കൂളിലെ പഠന കാലയളവിൽ മെഹന്ദി ഡിസൈനിങ് കോമ്പറ്റിഷൻസിൽ പങ്കെടുക്കുകയും പലപ്പോഴും സമ്മാനിതയാവുകയും ചെയ്തു. പതിനൊന്നാം ക്ലാസ്സിൽ പഠിക്കുമ്പോൾ ഫേബ്രിക് പെയിന്റിങ് ചെയ്തു തുടങ്ങി. പന്ത്രണ്ടാം ക്ലാസ്സിലെ വെക്കേഷന് തയ്യൽ പഠനവും.

ബിരുദ പഠനത്തിന്റെ ആദ്യ വർഷം മുതൽ തന്നെ Inter/Intra കോളേജ് തലത്തിൽ മെഹന്ദി ഡിസൈനിങ് മത്സരങ്ങളിൽ മുടങ്ങാതെ പങ്കെടുക്കുകയും, സമ്മാനം നേടി തുടങ്ങുകയും ചെയ്തു. വെറും നേരമ്പോക്ക് ആയി കൊണ്ട് നടന്നിരുന്ന ഈ കഴിവ് ഒന്ന് കൂടി വികസിപ്പിക്കാൻ പ്രോത്സാഹനം പലരിൽ നിന്നും കിട്ടി തുടങ്ങിയപ്പോൾ , പഠനത്തിന്റെ മൂന്നാം വർഷം ബ്രൈഡൽ മെഹന്ദി കൂടി ചെയ്തു തുടങ്ങി, അതിലൂടെ ചെറുതല്ലാത്തൊരു വരുമാനവും !! വീട്ടുകാരെ ബുദ്ധിമുട്ടിക്കാതെ ഇവയ്ക്കുള്ള സാധന സാമഗ്രികൾ വാങ്ങുവാൻ ഈയൊരു വരുമാനം തുണച്ചു, പലപ്പോഴും.

ആദ്യ ജോലി ലഭിച്ചു കോയമ്പത്തൂരിൽ കഴിയവേ, ഒഴിവു വേളകൾ തരണം ചെയ്യുവാനും, കഴിവുകൾ കൈമോശം വരാതേ പോകുവാനും ബ്രൈഡൽ മെഹന്ദി അവിടെയും ചെയ്തു തുടങ്ങി. ടീം അംഗങ്ങളുടെ event കോ ഓർഡിനേഷൻ തലവൻ എന്ന നിലയ്ക്ക് സഹപ്രവർത്തകരുടെ ജന്മദിനത്തിന് ആര്യ കൈകൊണ്ട് തയ്യാർ ചെയ്ത ജന്മദിനാശംസാ കാർഡുകൾ ഏവരുടെയും ശ്രദ്ധ പിടിച്ചു പറ്റി.

ഒരു പരീക്ഷണം എന്ന നിലയ്ക്ക് മ്യൂറൽ പെയിന്റിംഗ് 2013 മുതൽ ചെയ്തു തുടങ്ങി.

പണ്ടുമുതലേ കമ്മലുകളോട് ഒരിഷ്ടം കൂടുതൽ ആയിരുന്നു, പ്രതേകിച്ചും ജിമിക്കി. ക്വില്ലിംഗ് പേപ്പർ ഉപയോഗിച്ച് അവ ഉണ്ടാക്കി തുടങ്ങി, 2013 ൽ.

അന്നവ ട്രെൻഡിങ് ആയതു കൊണ്ട് വ്യത്യസ്ത രീതിയിലുള്ള കമ്മലുകൾ ഉണ്ടാക്കി അവയ്ക്കു വേണ്ടി മുഖ പുസ്തകത്തിൽ കാതാണി ഇയർ റിങ്സ് (KAATHANI EAR RINGS) എന്ന പേരിൽ ഒരു പേജും തുടങ്ങി. 8500 ൽപ്പരം followers ഉണ്ടായിരുന്ന പേജ് ആയിരുന്നു അന്നത് .

**https://www.facebook.com/505704159540076/**

ഒരു ഹോബി എന്ന നിലയ്ക്ക് സ്കൂൾ പഠന കാലത്തു തുടങ്ങിയ മെഹന്ദി അലങ്കാരം പിന്നീട് ബ്രൈഡൽ മെഹന്ദിക് വഴി മാറി. മ്യൂറൽ പെയിന്റിംഗ്, മണ്ഡല / ഡോട്ട് മണ്ഡല ആർട്ട് , zentangle ആർട്ട് പേപ്പർ ക്രാഫ്റ്റ് .ഇവയോടൊപ്പം ബ്രൈഡൽ ബ്ലൗസ് ഡിസൈനിങ് , ബ്രൈഡൽ എംബ്രോയ്റ്ററി എന്നിവയിലും എത്തി നിൽക്കുന്നു.

രണ്ടാമത്തെ കുഞ്ഞിന്റെ ജനന ശേഷമാണ് ഓൺലൈൻ വഴി മണ്ഡല ആർട്ട് പഠിക്കുവാൻ തുടങ്ങിയത് . പിന്നീട് കുത്തുകൾ ഉപയോഗിച്ചു ജ്യാമിതീയ ചിത്രങ്ങൾ രചിക്കുന്ന ഡോട്ട് മണ്ഡല ആർട്ട് കൂടി പഠിച്ചെടുത്തു.

എത്രയോ കൈ കാൽതലങ്ങളിൽ മൈലാഞ്ചിയുടെ വർണ്ണരാജികൾ ഒരുക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്ന് ആര്യ തുറന്നു പറയുന്നു. മുൻ മിസ് കേരളയായ ഇന്ദു തമ്പിക്ക് വേണ്ടി മെഹന്ദി ചെയ്തത് അഭിമാനത്തോടെ ആര്യ ഓർക്കുന്നു. മറ്റൊന്ന് ജയ്സാൽമീർ രാജകുമാരിയുടെ വിവാഹത്തിന് ബ്രൈഡൽ മെഹന്ദി ഒരുക്കിയതിനും.

ബ്രൈഡൽ മെഹന്ദിയോടൊപ്പം ബ്രൈഡൽ ബ്ലൗസ് ഡിസൈനിങ്ങും, എംബ്രോയിഡറി വർക്കുകളും, കൂടാതെ മ്യൂറൽ പെയിന്റിങ്ങും തനിക്കു വഴങ്ങുമെന്ന് ആര്യ തെളിയിച്ചു.

തൂത്തുക്കുടിയിലെ ഇന്ത്യൻ കോസ്റ്റൽ ഗാർഡിൽ കമ്മ്യൂണിക്കേറ്റർ ആയി ജോലി നോക്കുന്ന ശരൺ s s ആണ് ജീവിത പങ്കാളി. അഹാൻ ശരണും, നിഹാൻ ശരണും ആണ് ഈ ദമ്പതികളുടെ മക്കൾ. അന്നുമിന്നും കുടുംബത്തിന്റെ പിന്തുണയാണ് തനിക്കു ഈ നേട്ടങ്ങൾ നേടുവാൻ കരുത്തേകിയതെന്ന് ആര്യ പറയുന്നു. പ്രത്യേകിച്ചും പിതാവ്. ബാങ്കിൽ ജോലി ലഭിച്ചവിവരം അറിഞ്ഞ ദിവസമാണ് തൻ്റെ കഴിവിൽ എപ്പോഴും പ്രോത്സാഹനം തന്ന പിതാവ് ഇഹലോകവാസം വെടിഞ്ഞത് എന്ന ദുഃഖം ആര്യക്കിന്നും ഒരു നൊമ്പരമാണ്.

മേക്ക് അപ്പ് രംഗത്ത് തന്റേതായ പാദമുദ്ര പതിപ്പിച്ച ശ്രീമതി അംബിക പിള്ളയെ പോലെ ഒരു ബ്രാൻഡ് ഓണർ ആകുക എന്നതു മാത്രമല്ല, നല്ലൊരു മേക്ക് അപ്പ് ആർട്ടിസ്റ്റും , ഫാഷൻ ഡിസൈനറും ആകുകയാണ് ലക്ഷ്യം എന്ന് ഈ എളിയ കലാകാരി തുറന്നു പറയുന്നു. മൈലാഞ്ചി മൊഞ്ചുള്ള ഈ ആഗ്രഹങ്ങളെല്ലാം പൂവണിയട്ടെ എന്ന് ടാലന്റഡ് ബാങ്കേഴ്സ്

ആശംസിക്കുന്നു.

---------------------------------------------------------------------------------------------
തയ്യാറാക്കിയത് : നവീൻ രമണൻ (Naveen Remanan), ബാങ്ക് ഓഫ് ഇന്ത്യ, കടപ്പാക്കട, കൊല്ലം

English version: Drisya Saseendran , Union Bank of India, Regional Office, Thiruvananthapuram

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ മീഞ്ചന്ത ബ്രാഞ്ച്, കോഴിക്കോട്
-----------------------------------------------------------------------------------------------

It’s not that started today or yesterday to adorn hands and feet with henna in copious designs while celebrating propitious moments. It's not simply a custom but something that transcends it;an extraordinary craftsmanship. This week's talented banker is some one who sumptuously embellishes the happy moments of life, one who is not only into bridal mehendi designing but also has showcased her dexterity in bridal blouse designing ,embroidery work and in creating various geometric shapes through Mandala / Dot Mandala Art.

Arya Jagannath
State Bank of India
Pulamon Branch, Kottarakkara

Arya is the elder one of the two daughters of Late Shri.S Jagannath Raj who retired from the Chief Town Planner 's Office, Kollam as Superintendent.and Sheeja K.L, who voluntarily retired from ARTECH Realtors as senior draftsman. Her younger sister Arsha Jagannath is working in Government Higher Secondary School, Kulathur.

Arya got educated upto graduation level in her native place, Thiruvananthapuram.She studied in Sarvodaya Vidyalaya up to Class X (2006) and thereafter completed Class XII from Arya Central School (2008). She did her B Tech degree in Computer Science in 2012 from LBS Institute of Technology for Women at Poojappura.

Not so long after completing her graduation, she could secure a job through campus placement. She joined Robert Bosch in Coimbatore in 2012 where she worked in Integration Team.Thereafter she worked in Accenture for three years. She chose bank job by virtue of her desire to work in her native place and to have a stable job coupled with good income.

During weekends, she used to travel all the way from Coimbatore to Thiruvananthapuram to attend bank coaching classes. She got appointed as Probationary Officer on 20 April 2015 at SBT and ventured into her banking career at Sasthamangalam Branch, Thiruvananthapuram in June 2015. Later on she worked at Ambalathara, Thrikkodithanam, Punnala,RBO and RASMEC and Kottarakkara branches.She is presently working as a Field Officer at the Pulamon branch in Kottarakkara.

Her artistic pursuits signalled flashes of brilliance intermittently since a tender age itself. It was while studying in the fifth standard that she turned to the art of mehendi designing on auspicious occasions.She furthered doing mehendi designing with her sister, in her spare time just for fun, which later turned out to be a good source of income for her. During her studies at Arya Central School, she used to participate in Mehendi Designing Competitions and was often awarded. She started doing fabric painting when she was in 11th class. And during vacation of Class XII,she got trained in sewing as well.

From the first year of her graduation, she used to partake in Mehendi Designing competitions at the Inter / Intra College level and won prizes. She started doing Bridal Mehendi in the third year of her graduation, thereby earning a meagre income.This served as a source of income to buy the materials needed for pursuing her passion, without bothering her family.

While being at Coimbatore for her first job, she started doing Bridal Mehendi during her free time. As the head of event coordination, Arya's handmade birthday greeting cards for colleagues' birthdays caught everyone's attention.She started doing Mural painting since 2013.

Since long Arya had a liking for earrings, especially Jhumka earrings. She started making them using quilling paper in 2013. Since it was a fad back then, she made different types of earrings and started a page - 'Kaathani ear rings' which had over 8500 followers. Please check out the link for the same below.

**https://www.facebook.com/505704159540076/**

Mehendi designing, which she started as a hobby during school days, later gave way to Bridal Mehendi,mural painting, mandala / dot mandala art, zentangle art paper craft,bridal blouse designing and bridal embroidery.Arya started to get trained in Mandala Art online after the birth of her second child. She later learned dot mandala, which is the art of drawing geometric figures using dots.Arya proudly recalls that she did Mehendi designing for former Miss Kerala Indu Thampi and for Princess, Jaisalmer.Arya could showcase her ingenuity in Bridal blouse designing,embroidery work ,bridal mehendi and mural painting.

Her spouse, Sharon S.S, works as a communicator with the Indian Coast Guard in Thoothukudi. The couple has two children-Ahan Saran and Nihan Saran. Arya says her family's support, her father's constant inspiration especial, merits a special mention in the furtherance of her passion. She sadly recalls that she lost her father on the day on which she came to know about her appointment in the bank.

Arya states that her goal is not only to become a brand owner like Mrs. Ambika Pillai, who has made striking imprints in her profession, but also to become a good make-up artist and fashion designer. Talented bankers community wishes Arya all the best in her future endeavours.